**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1663 | 01.11.2019 ൽ മറുപടിനല്കേണ്ടിയിരുന്നത് |

## കുടുംബശ്രീ പ്രവർത്തനം

| ചോദ്യം<br>ശ്രീ. വി.അബ്ദുറഹിമാൻ | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഭാരതത്തിന് മാതൃകയായ സംസ്ഥാനത്തെ കുടുംബശ്രീയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ നിലവിൽ വന്നശേഷം സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദവിവരം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബശ്രീയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കുടുംബശ്രീ സംരംഭങ്ങൾക്ക് കൂടുതൽ വായ്പകൾ ലഭ്യമാക്കുന്നതിന് വിവിധ ബാങ്കുകളുമായി ചേർന്ന് സ്വീകരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | പലിശ സബ്സിഡി പദ്ധതി:- സംരംഭങ്ങൾക്ക് നൽകുന്ന വായ്പയിൽ പലിശ ഇളവ് അനുവദിക്കുക എന്നതാണ് ഈ പദ്ധതി. വ്യക്തിഗത സംരംഭങ്ങൾക്ക് 2.5 ലക്ഷം രൂപ വരെയുള്ള പദ്ധതി തുകയ്ക്കും ഗ്രൂപ്പ് സംരംഭങ്ങൾക്ക് 10 ലക്ഷം രൂപ വരെയുള്ള പദ്ധതി തുകയ്ക്കുമാണ് പലിശ സബ്സിഡി നൽകുന്നത്. കുടുംബശ്രീ വഴി 7% വരെയുള്ള പലിശയാണ് നൽകുന്നത്. കൃത്യസമയത്ത് തിരിച്ചടവ് നടത്തുകയാണെങ്കിൽ 3% കൂടി അധിക പലിശ ഇളവ് അനുവദിച്ചു നൽകിവരുന്നു. ഇപ്രകാരം ബാങ്കുകൾ മുഖേന സംരംഭകർക്ക് 4% പലിശയ്ക്ക് വായ്പ ലഭിക്കുന്നു. |
| (സി) | കുടുംബശ്രീ ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; | (സി) | പരമ്പരാഗത വിപണന മാർഗ്ഗങ്ങളായ മാസചന്ത, ആഴ്ച്ചചന്ത, ഓണം-റംസാൻ മേളകൾ മുതലായവയ്ക്ക് പുറമേ നാനോ മാർക്കറ്റുകൾ, മാർക്കറ്റിംഗ് കിയോസ്കുകൾ, ഓൺലൈൻ പോർട്ടൽ, ആമസോൺ സഹേലി, സരസ്സ് മേളകൾ, ഭക്ഷ്യമേളകൾ, ട്രേഡ്ഫെയറുകൾ, ഹോംഷോപ്പ് അഥവാ കുടുംബശ്രീ മാർക്കറ്റിംഗ് നെറ്റ് വർക്ക് എന്നിവ ആരംഭിച്ചിട്ടുണ്ട്. കൂടുതൽ വിപണന മാർഗ്ഗങ്ങളിലൂടെ വലിയൊരു ശതമാനം കുടുംബശ്രീ സംരംഭകരുടെ വരുമാനം വർദ്ധിപ്പിക്കാനും സാമ്പത്തിക ശാക്തീകരണമെന്ന കുടുംബശ്രീയുടെ ലക്ഷ്യത്തിലേയ്ക്ക് കൂടുതൽ അടുപ്പിക്കാനും ഇത്തരം പ്രവർത്തനങ്ങൾ സഹായകമായിട്ടുണ്ട്. ഇവയുടെ സംഘാടനം വെബ്സൈറ്റ് വഴി മോണിറ്റർ ചെയ്തു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | കുടുംബശ്രീ സംഘങ്ങളുടെ സാമ്പത്തിക അടിത്തറ മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ എന്തെങ്കിലും സഹായങ്ങൾ ചെയ്യുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കമോ? | (ഡി) | കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക അടിത്തറ മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളെല്ലാം 60:40 അനുപാതത്തിലുള്ള കേന്ദ്ര-സംസ്ഥാന പദ്ധതികളാണ്. അവ ചുവടെ പറയുന്നു;<br>• <u>റിവോൾവിംഗ് ഫണ്ട്:-</u> അയൽക്കൂട്ടങ്ങളുടെ ആന്തരിക വായ്പാ പ്രവർത്തനത്തെ ശക്തിപ്പെടുത്തുന്നതിനായി നൽകുന്ന സാമ്പത്തിക സഹായമാണ് റിവോൾവിംഗ് ഫണ്ട്. പരമാവധി 15,000/- രൂപയാണ് റിവോൾവിംഗ് ഫണ്ടായി നൽകുന്നത്.<br>• <u>വൾനറബിലിറ്റി റിഡക്ഷൻ ഫണ്ട്:-</u> അയൽക്കൂട്ടങ്ങൾക്കുണ്ടാകുന്ന ആകസ്മിക പ്രശ്നങ്ങൾ നേരിടാൻ അടിയന്തിര സഹായമെന്ന നിലയ്ക്ക് എഡിഎസ് മുഖാന്തരം നൽകുന്ന ഫണ്ടാണ് വൾനറബിലിറ്റി റിഡക്ഷൻ ഫണ്ട്.<br>അയൽക്കൂട്ടത്തിന് പരമാവധി 15,000 രൂപ<br><u>പലിശ സബ്സിഡി:-</u> നഗര-ഗ്രാമ പ്രദേശങ്ങളിലെ അയൽക്കൂട്ടങ്ങൾക്ക് 7% പലിശ നിരക്കിൽ വായ്പ ലഭ്യമാകത്തക്കവിധം പലിശ ഇളവ് ലഭ്യമാക്കുന്നുണ്ട്. 3 ലക്ഷം വരെയുള്ള വായ്പകൾക്കാണ് ടി പലിശ ഇളവ് നൽകുന്നത്.<br><u>കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട്:-</u> കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങളുടെ സംരംഭ വികസനത്തിനും തുടർ പ്രവർത്തനത്തിനുമായി ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കിവരുന്ന വായ്പാ പദ്ധതിയാണ് കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട്. വ്യക്തിഗത സംരംഭങ്ങൾക്ക് പരമാവധി 50,000/- രൂപയും ഗ്രൂപ്പ് സംരംഭങ്ങൾക്ക് പരമാവധി 1,50,000/- രൂപയും 4% പലിശനിരക്കിൽ സിഡിഎസുകൾ മുഖാന്തരം അനുവദിച്ചു നൽകുന്ന പദ്ധതിയാണിത്.<br><u>ദേശീയ നഗര ഉപജീവന മിഷൻ:-</u> കുടുംബശ്രീ മുഖേന സംസ്ഥാനത്തെ നഗരസഭകൾ വഴി നിർവഹണം ചെയ്തുവരുന്ന ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി പ്രകാരം നഗരപ്രദേശങ്ങളിലെ അർഹരായ എഡിഎസുകൾക്ക് 50,000/- രൂപ വീതവും അയൽക്കൂട്ടങ്ങൾക്ക് 10,000/- രൂപ വീതവും റിവോൾവിംഗ് ഫണ്ട് അനുവദിച്ചുവരുന്നു. കൂടാതെ റിസോഴ്സ് ഓർഗനൈസേഷൻസായി (ആർ.ഒ) ചുമതലപ്പെടുത്തിയിട്ടുള്ള സിഡിഎസുകൾ നിർവഹിക്കുന്ന നിർദ്ദിഷ്ട പ്രവർത്തനങ്ങൾക്ക് നിശ്ചിത നിരക്കിലുള്ള തുക ആർ.ഒ. ഫണ്ടായും അനുവദിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## 1. സംഘടനാ ശാക്തീകരണം

- **അയൽക്കൂട്ടങ്ങളുടെ വ്യാപനം**
  ഇക്കാലയളവിൽ 41,962 അയൽക്കൂട്ടങ്ങൾ സംസ്ഥാനത്ത് പുതുതായി രൂപീകരിക്കപ്പെട്ടു. ഇതിലൂടെ 4,83,568 കുടുംബങ്ങൾ കുടുംബശ്രീയിൽ അയൽക്കൂട്ടങ്ങളിലേക്ക് കടന്നുവന്നു. നിലവിൽ ആകെ 2,91,507 അയൽക്കൂട്ടങ്ങളിലായി 43,93,579 കുടുംബങ്ങൾ കുടുംബശ്രീയിൽഅംഗങ്ങളായിട്ടുണ്ട്.
- **പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായി അയൽക്കൂട്ടങ്ങൾ**
  22,482 വയോജന അയൽക്കൂട്ടങ്ങൾ ഇക്കഴിഞ്ഞ രണ്ടു വർഷം കൊണ്ട് രൂപീകൃതമായിട്ടുണ്ട്. ഇതിലൂടെ 2,79,111 വയോജനങ്ങൾ പ്രത്യേക അയൽക്കൂട്ടങ്ങളിൽ അംഗങ്ങളായി. ഭിന്നശേഷി വിഭാഗത്തിൽ 2,727 അയൽക്കൂട്ടങ്ങളും അതിലൂടെ 45,325 ആളുകളും കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ ഭാഗമായി. 43 ട്രാൻസ്ജെന്റർ അയൽക്കൂട്ടങ്ങൾ ഇക്കാലയളവിൽ രൂപീകരിക്കാൻ കഴിഞ്ഞു. 498 ആളുകൾ ഇതിൽ അംഗങ്ങളാണ്.
- **അയൽക്കൂട്ടങ്ങൾ ഡിജിറ്റലാകുന്നു**
  ട്രാൻസാക്ഷൻ ബേസ്ഡ് എം ഐ എസ് സംവിധാനത്തിലൂടെ എല്ലാ ഗ്രാമീണ അയൽക്കൂട്ടാംഗങ്ങളുടെയും സമ്പാദ്യ വായ്പാ പ്രവർത്തനങ്ങൾ ഡിജിറ്റൽ സാങ്കേതിക വിദ്യയിലേക്ക് മാറ്റുന്നു. 99 ശതമാനം അയൽക്കൂട്ടങ്ങളിലും ഇതിനാവശ്യമായ പ്രാരംഭ നടപടികൾ പൂർത്തീകരിച്ചു
- **നാൽപത്തിമൂന്ന് ലക്ഷം കുടുംബങ്ങൾക്കുമായി കുടുംബശ്രീ സ്കൂൾ**
  കുടുംബശ്രീയുടെ ഇരുപതു വർഷത്തെ ചരിത്രത്തിനിടയിൽ എല്ലാ കുടുംബശ്രീ അംഗങ്ങളെയും ഉൾക്കൊള്ളിച്ചുള്ള പരിശീലനങ്ങൾ നടത്തിയിരുന്നില്ല. 2017-18, 2018-19 വർഷങ്ങളിൽ എല്ലാവർക്കുമായി കുടുംബശ്രീ സ്കൂൾ പദ്ധതി നടപ്പിലാക്കി. വിവിധ വിഷയങ്ങളിൽ സാധാരണക്കാരായ കുടുംബശ്രീ അംഗങ്ങളെ പ്രാവീണ്യമുള്ളവരാക്കി മാറ്റുക എന്നതായിരുന്നു ഈ പദ്ധതിയുടെ ലക്ഷ്യം.
- **പലിശ സബ്സിഡി 15 കോടിയിൽ നിന്നും 173 കോടിയിലേക്ക്**
  അയൽക്കൂട്ട പ്രവർത്തനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് ലഘു സമ്പാദ്യ വായ്പാപ്രവർത്തനങ്ങൾ. ലിങ്കേജ് വായ്പയും അതിനു സർക്കാർ നൽകുന്ന പലിശ ഇളവുമാണ് ഈ പ്രവർത്തനത്തെ ശക്തിപ്പെടുത്തുന്നത്. പലിശ സബ്സിഡി യഥാസമയം വിതരണം ചെയ്യാതിരുന്ന സാഹചര്യമാണ് ഉണ്ടായിരുന്നത്. എന്നാൽ ഈ ഗവൺമെന്റ് നാളിതുവരെ മാത്രം 173 കോടി രൂപ പലിശ സബ്സിഡി ഇനത്തിൽ വിതരണം ചെയ്തു.
- **പ്രളയത്തിൽ സർവ്വതും നഷ്ടപ്പെട്ടവർക്ക് താങ്ങായി കുടുംബശ്രീ ആർ കെ എൽ എസ് വായ്പ 1435 കോടി രൂപ**
  പ്രളയബാധിതർക്ക് ആശ്വാസമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പലിശരഹിത വായ്പാ പദ്ധതി ആയിരുന്നു റിസർജെന്റ് കേരള ലോൺ. ഇതിന്റെ 9 ശതമാനം പലിശ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ഇതിലൂടെ 400 കോടി രൂപയുടെ പലിശ ഇളവാണ് കുടുംബശ്രീ അംഗങ്ങൾക്ക് ലഭിക്കുന്നത്. ആർ കെ എൽ എസ് വായ്പയായി 1435 കോടി രൂപ അയൽക്കൂട്ടാംഗങ്ങൾക്ക് ലഭ്യമാക്കി. 1,73,167 പേർക്ക് വായ്പ ലഭ്യമാക്കാൻ കഴിഞ്ഞു.
- ഇതു കൂടാതെ തീരശ്രീ, അയൽക്കൂട്ട വിവരങ്ങൾ ജിയോ ഇൻഫോമാറ്റിക്സ് സാങ്കേതിക വിദ്യുപയോഗിച്ച് ആസൂത്രണ പ്രക്രിയയ്ക്കായി ഉപയോഗപ്പെടുത്തുന്നതിനായി ഇ നെസ്റ്റ് തുടങ്ങിയ പദ്ധതികളും പുതുതായി നടപ്പിലാക്കി വരുന്നു.

## 2.സാമൂഹിക വികസന മേഖല

- **അഗതിരഹിത കേരളം പദ്ധതി**
  മുൻ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരെയും പുതിയതായി കണ്ടെത്തിയ അഗതി കുടുംബങ്ങളെയും ഉൾപ്പെടുത്തി ആശ്രയ പദ്ധതിയെ വിപുലീകരിച്ചാണ് അഗതിരഹിത

കേരളം പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ 1033 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അഗതിരഹിത കേരളം പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. 2018-19 ൽ 748 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതിക്ക് അംഗീകാരം നല്കി പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു.

- 2018-19 ൽ നാളിതുവരെ 271 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്കു കൂടി അംഗീകാരം നല്കിയിട്ടുണ്ട്. ഇപ്പോൾ കേരളത്തിലെ 1019 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അഗതിരഹിത കേരളം പദ്ധതി അംഗീകാരം നേടി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

- **ബഡ്സ് സ്ഥാപനങ്ങൾക്ക് 27.25 കോടി രൂപയുടെ സഹായം**
  ബുദ്ധിപരമായി വെല്ലുവിളി നേരിടുന്നവരുടെ വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനായി 2018-19 വർഷത്തിൽ 200 ബഡ്സ് സ്ഥാപനങ്ങൾ പുതിയതായി ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്. ഇതിനായി 200 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് 12.5 ലക്ഷം വീതം നൽകിയിരുന്നു. ഇവയിൽ 57 എണ്ണം 2018 -19 ൽ ആരംഭിച്ചു. ഭിന്നശേഷി സൗഹൃദമായ രീതിയിൽ കെട്ടിടങ്ങൾ കൂടി സജ്ജമാക്കി പ്രവർത്തനം ആരംഭിക്കുവാൻ ഉള്ളതുകൊണ്ടാണ് ബാക്കിയുള്ളവ ആരംഭിക്കുവാൻ താമസം നേരിട്ടത്. ഇവയിൽ2019 ഒക്ടോബർ 30 വരെ 16 സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 27.25 കോടി രൂപയുടെ സാമ്പത്തിക സഹായം കഴിഞ്ഞ മൂന്നു വർഷം കൊണ്ട് ഈ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കി.

- **ബാലസഭ**
  കുട്ടികൾക്ക് വേണ്ട കുടുംബശ്രീ സംവിധാനത്തിൽ പ്രവർത്തിക്കുന്ന പ്രാദേശിക കൂട്ടങ്ങളാണ് ബാലസഭകൾ. തലമുറയിൽ നിന്നും തലമുറയിലേക്കുള്ള ദാരിദ്ര്യ കൈമാറ്റം തടയുന്നതിനും കുട്ടികളെ ഭാവിയിലെ ഉത്തമ പൗരന്മാരായി വളർത്തിയെടുക്കുന്നതിനുമുതകുന്ന പ്രവർത്തനങ്ങളാണ് ബാലസഭയിലൂടെ നടക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കുട്ടികളിൽ ശുചിത്വബോധം വളർത്തിയെടുക്കുന്നതിനും, മഴക്കാലരോഗങ്ങൾ തടയുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ കുടുംബശ്രീയുടെയും, കിലയുടെയും, ശുചിത്വമിഷന്റെയും, ഹരിതകേരളം മിഷന്റെയും നേതൃത്വത്തിൽ നടത്തിവരുന്നു

- **സ്നേഹിത എല്ലാ ജില്ലകളിലേക്കും**
  എട്ട് ജില്ലകളിൽ മാത്രം ഒതുങ്ങി നിന്ന സ്നേഹിത ജെന്റർ ഹെൽപ്പ് ഡെസ്ക് ഈ സർക്കാർ 14 ജില്ലകളിലേക്കും വ്യാപിപ്പിച്ചു. അതിക്രമത്തിനിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ഹ്രസ്വകാല താമസവും നിയമ പരിരക്ഷയും ഉറപ്പാക്കുക എന്നതാണ് സ്നേഹിതയുടെ ലക്ഷ്യം.

- **സ്നേഹിത കോളിംഗ് ബെൽ ഒറ്റപ്പെട്ടു കഴിയുന്നവർക്കായി**
  സമൂഹത്തിൽ ഒറ്റപ്പെട്ടു കഴിയുന്നവർക്ക് കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ സാമൂഹിക മാനസിക പിന്തുണ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് സ്നേഹിത കോളിംഗ് ബെൽ. 56687 ആളുകളെ ഇപ്രകാരം കണ്ടെത്തുകയും ഇവർക്കാവശ്യമായ സഹായം ലഭ്യമാക്കി വരികയും ചെയ്യുന്നു.

- **കേരളത്തിലെ 467 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജെൻഡർ റിസോഴ്സ് സെന്ററുകൾ**
  സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും വനിതാ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ നിർദ്ദേശവും വൈദഗ്ധ്യവും പിന്തുണയും പരിശീലനവും നൽകുന്നതിനുള്ള സംവിധാനമാണ് ജെൻഡർ റിസോഴ്സ് സെന്ററുകൾ. 14 ജില്ലകളിലായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 467 ജെൻഡർ റിസോഴ്സ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു.

## 3. ഉപജീവന മേഖല

- **മൂന്നുവർഷം കൊണ്ട് പതിനായിരത്തിലേറെ സംരംഭങ്ങൾ**
  ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് മൂന്നു വർഷം കൊണ്ട് 10318 സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുകയും ഈ മേഖലയിൽ 13.85 കോടി രൂപയുടെ സാമ്പത്തിക പിന്തുണ ലഭ്യമാക്കുകയും ചെയ്തു. 30000 ത്തിലധികം സ്ത്രീകൾക്ക് ഇതിലൂടെ തൊഴിലും വരുമാനവും ഉറപ്പാക്കാൻ കഴിഞ്ഞു.

- **പ്രളയത്തിൽ ഉപജീവന മാർഗ്ഗങ്ങൾ നഷ്ടപ്പെട്ടവർക്കായി എറൈസ് പദ്ധതി**
  പ്രളയാനന്തര നവകേരള സൃഷ്ടിയുടെ ഭാഗമായി 10 തൊഴിൽ മേഖലകളിലായി യുവജനങ്ങൾക്ക് പരിശീലനവും തൊഴിലും ഉറപ്പുവരുത്തുന്നതിനായി എറൈസ് പദ്ധതി ആരംഭിച്ചു. ഇതിന്റെ ഭാഗമായി 11,000 ആളുകൾക്ക് പരിശീലനം നൽകുകയും 2475 ആളുകൾക്ക് തൊഴിൽ ലഭിക്കുകയും ചെയ്തു കൂടാതെ 231 സംരംഭങ്ങൾ ആരംഭിക്കുകയും ടെക്നിക്കൽ മേഖലകളിൽ 132 മൾട്ടി ടാസ്ക് ടീമുകൾ രൂപീകരിക്കുകയും ചെയ്തു.

- **അതിജീവനത്തിനായി പ്രത്യാശ പദ്ധതി**
  കുടുംബശ്രീ ബഡ്സ് സ്കൂളുകളിലെ അമ്മമാർ, ശാരീരിക വെല്ലുവിളി നേരിടുന്നവർ, വയോജനങ്ങൾ, അതിക്രമങ്ങൾക്ക് ഇരയായവർ, വിധവകൾ എന്നിവരുടെ ഉന്നമനത്തിനായി പ്രത്യാശ എന്ന പേരിൽ പ്രത്യേക സൂക്ഷ്മ സംരംഭ പദ്ധതി ആരംഭിച്ചു. 75% മൂലധന സബ്സിഡിയാണ് ഈ പദ്ധതിയിലൂടെ ലഭ്യമാക്കുന്നത്. ഇതിലൂടെ 948 പേർക്ക് തൊഴിൽ ലഭിച്ചു

- **സംരംഭകർക്ക് താങ്ങായി പൊതു സേവന കേന്ദ്രങ്ങൾ**
  പായ്ക്കിംഗ്, മിക്സിംഗ്,കട്ടിംഗ് തുടങ്ങി വലിയ മുതൽമുടക്ക് ആവശ്യമായി വരുന്ന യന്ത്രങ്ങൾ സ്ഥാപിക്കാൻ സൂക്ഷ്മ സംരംഭകർക്ക് കഴിയില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിനായി കുടുംബശ്രീ സംരംഭകർക്കായി നടപ്പാക്കിയ പുതിയ സംവിധാനമാണ് പൊതുസേവന കേന്ദ്രങ്ങൾ. ഇപ്രകാരം നാല് പൊതുസേവന കേന്ദ്രങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചു. ഏകദേശം രണ്ട് കോടി രൂപയാണ് ഇതിനായി ചെലവഴിച്ചത്. 218 സംരംഭകർ പൊതുസേവന കേന്ദ്രങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുന്നു.

- **വയോജന പരിചരണത്തിനായി ഹർഷം ജെറിയാട്രിക് കെയർ എക്സിക്യൂട്ടീവുകൾ**
  സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന വയോജന ജനസംഖ്യ ആരോഗ്യമേഖലയിൽ പുതിയ ഒട്ടേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇവരുടെ ആരോഗ്യ പരിചരണത്തിന് ശാസ്ത്രീയമായി പരിശീലനം ലഭിച്ച ആരോഗ്യ പ്രവർത്തകരുടെ അഭാവം പരിഹരിക്കുന്നതിനായി കുടുംബശ്രീ ആരംഭിച്ച പദ്ധതിയാണ് ഹർഷം. 551 ജെറിയാട്രിക് കെയർ എക്സിക്യൂട്ടീവുകളെ പരിശീലിപ്പിച്ച് പ്രവർത്തന സജ്ജരാക്കി.

- **മാലിന്യ പരിപാലനത്തിനായി 35000 പേരുടെ ഹരിത കർമ്മ സേന**
  അജൈവ മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കുന്നതിനും പുനരുപയോഗത്തിനായി കൈമാറ്റം ചെയ്യുന്നതിനുമായി ഹരിതകേരള മിഷൻ, തദ്ദേശഭരണ സ്ഥാപനങ്ങൾ, കില എന്നിവരുമായി സഹകരിച്ച് 35000 പേർക്ക് പരിശീലനം നൽകി നിയോഗിച്ചു

- **കാർഷിക മേഖലയിൽ നിശബ്ദ വിപ്ലവം**

- കാർഷിക വൃത്തിയിൽ താത്പര്യമുള്ളവരെ ചേർത്ത് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ചു കൊണ്ട് ഗ്രാമീണ മേഖലയിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം കുടുംബശ്രീ വലിയ മുന്നേറ്റമാണ് നടത്തിയത്. ഈ മേഖലയിൽ 65031 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ നിലവിൽ കൃഷി ചെയ്യുന്നു. 30330.37 ഹെക്ടർ സ്ഥലത്താണ് ഇവർ കൃഷി ചെയ്യുന്നത്. ലിങ്കേജ് വായ്പയിലൂടെ 1400 കോടി രൂപ ഗ്രൂപ്പുകൾക്ക് ലഭ്യമാക്കി. 44 കോടി രൂപ ഗ്രൂപ്പുകൾക്ക് സബ്സിഡി ഇനത്തിലും ഇൻസന്റീവായും നൽകി.

- **ജൈവ കൃഷിയിലൂടെ വിഷരഹിത ഭക്ഷണം**
  10000 ഹെക്ടറിൽ ജൈവകൃഷി ചെയ്ത് ഓർഗാനിക് (പിജിഎസ് -പാർട്ടിസിപ്പേറ്ററി ഗാരൻറീ സിസ്റ്റംസ്) സർട്ടിഫിക്കറ്റോടു കൂടി കാർഷിക ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 20000 കൃഷി സംഘങ്ങളെ (ജെഎൽജി- ജോയന്റ് ലയബിലിറ്റി ഗ്രൂപ്പ്) 201 ക്ലസ്റ്ററിലാക്കി ജൈവകൃഷിയിൽ വ്യാപൃതരാക്കാനാണ് ലക്ഷ്യമിടുന്നത്. ഇത് കൂടാതെ ജൈവകൃഷിക്ക് പിന്തുണയേകുന്നതിനായി എല്ലാ ബ്ലോക്കുകളിലും ഒരു ബയോഫാർമസി വീതം ആരംഭിക്കുകയും ലക്ഷ്യം. 3815 ഹെക്ടർ ഭൂമിയിൽ നിലവിൽ പൂർണമായും ജൈവ കൃഷി ചെയ്തു വരുന്നു. 1020 ലോക്കൽ ഗ്രൂപ്പുകളുടെ വിവരങ്ങൾ പി.ജി.എസ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

- **നാട്ടുചന്ത - കൃഷിസംഘ ഉല്പന്നങ്ങൾക്ക് വിപണി**

  കുടുംബശ്രീ കർഷകർക്കും മറ്റ് സംരംഭകർക്കും ഇടനിലക്കാരെ ഒഴിവാക്കി ഉപഭോക്താക്കൾക്ക് നേരിട്ട് ഉത്പന്നങ്ങൾ വിൽക്കുന്നതിന് അവസരമൊരുക്കി നൽകുന്നതിനായി തുടക്കം കുറിച്ച വിപണന കേന്ദ്രങ്ങളാണ് നാട്ടുചന്തകൾ. കർഷകർക്ക് തങ്ങളുടെ കഷ്ടപ്പാടിന് ഇതുവഴി കൂടുതൽ പ്രതിഫലവും ലഭിക്കുന്നു. 450 സിഡിഎസ്സുകൾക്ക് നാട്ടുചന്ത നടത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾക്ക് സഹായം അനുവദിച്ചു. ഇതുവരെ 152 ബ്ലോക്കുകളിലായി 22 കോടി രൂപയുടെ വിൽപ്പന നാട്ടുചന്തകളിൽ നടന്നു.

- **കാർഷിക മേഖലയിൽ മൂല്യവർദ്ധിത യൂണിറ്റുകൾ**

  ജെഎൽജി ഉത്പന്നങ്ങൾക്ക് മികച്ച വരുമാനം ലഭ്യമാക്കുന്നതിനായി ചെറുകിട, ഇടത്തരം മൂല്യവർദ്ധിത യൂണിറ്റുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. നാളിതുവരെ 133 ഇടത്തരം മൂല്യവർദ്ധിത യൂണിറ്റുകളും 186 ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്.

- പ്ലാന്റ് നേഴ്സറി, ജൈവ കൃഷി, ഔഷധ സസ്യ കൃഷി, അഗ്രി തെറാപ്പി, സ്മാർട്ട് അഗ്രി വില്ലേജ് എന്നീ നൂതന പദ്ധതികളും കാർഷിക മേഖലയിൽ കഴിഞ്ഞ മൂന്നു വർഷമായി നടപ്പിലാക്കി.

- **മൃഗ സംരക്ഷണ മേഖലയിൽ സമൃദ്ധിയുടെ നാളുകൾ**

  കുടുംബശ്രീ മൃഗസംരക്ഷണ മേഖല മുഖേന കഴിഞ്ഞ 3 സാമ്പത്തിക വർഷമായി ക്ഷീരസാഗരം, ആട്ടുഗ്രാമം, കേരള ചിക്കൻ, എബിസി തുടങ്ങിയ പദ്ധതികളുടെ ഭാഗമായി 9070 ഗുണഭോക്താക്കൾക്ക് 20 കോടി രൂപ സാമ്പത്തിക സഹായം നൽകി. തെരുവ് നായ വന്ധ്യംകരണ പദ്ധതിയുടെ ഭാഗമായി 40027 തെരുവുനായ്ക്കളെ പിടികൂടി വന്ധ്യംകരിച്ചു. 43,834 തെരുവ് നായ്ക്കളെ വന്ധ്യംകരിച്ചതിലൂടെ 9.2 കോടി രൂപ കുടുംബശ്രീ എ.ബി.സി യൂണിറ്റുകൾക്ക് ലഭ്യമായിട്ടുണ്ട്.

- **കേരള ചിക്കൻ പദ്ധതി കുടുംബശ്രീയുടെ വളർച്ചയിൽ മറ്റൊരു പൊൻതൂവൽ**

  2018-19 വർഷം ആരംഭിച്ച കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ 800 ബ്രോയലർ ഫാമുകൾ ആരംഭിച്ചു. കുടുംബശ്രീ അംഗങ്ങളായ ഇറച്ചിക്കോഴി കർഷകരെ ഉൾപ്പെടുത്തി കുടുംബശ്രീ ബ്രോയലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്ന പേരിൽ പ്രൊഡ്യൂസർ കമ്പനി രൂപികരിച്ചു. തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

- നാടൻ കോഴിമുട്ട ശേഖരിച്ച് വിപണനം നടത്തുന്നതിനും മൂല്യ വർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിനുമായി ജെനോവ പദ്ധതി, പാലിൽ നിന്നുള്ള മൂല്യ വർദ്ധിത ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നതിനായി മിൽക്കി ലാറ്റെ (34 യൂണിറ്റുകൾ) എന്നീ പദ്ധതികളും നടപ്പിലാക്കി.

- **79,000 നഗര ദരിദ്രർക്ക് ഭവനമൊരുങ്ങുന്നു**

  പി എം എ വൈ (നഗരം) ലൈഫ് പദ്ധതിയിലൂടെ സംസ്ഥാനത്ത് 79,000 പേർക്ക് ഭവന നിർമ്മാണത്തിന് അനുവാദം ലഭിച്ചു. ഇതിൽ ഡാറ്റാ ക്ലീനിംഗിനു ശേഷം കണ്ടെത്തിയ 88,672 പേരിൽ 26,015 പേരുടെ വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. 1.5 ലക്ഷം രൂപ കേന്ദ്ര വിഹിതമായി ലഭിക്കുമ്പോൾ സംസ്ഥാന സർക്കാർ വിഹിതം 2.5 ലക്ഷം രൂപയാണ്.

Anjulal

സെക്ഷൻ ഓഫീസർ